സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാള്യം: 59 | ലക്കം: 243 | 2025 ജനുവരി 20 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

### കോഴികളുമായി എത്തിയ ലോറി മറിഞ്ഞു; ചത്ത കോഴികളെ ചാക്കിലാക്കി വീട്ടിലേക്കോടി നാട്ടുകാർ

മൂവാറ്റുപുഴ: ഇന്നലെ പുലർച്ചെയാണ് എസ്.എച്ച് മൗണ്ടിൽ ഇറച്ചിക്കോഴികളുമായി എത്തിയ ലോറി മറിഞ്ഞത്. വിവരം നിമിഷ നേരം കൊണ്ട് കാട്ടുതീ പോലെ പടർന്നു. മണിക്കൂറുകൾക്കുള്ളിൽ ആളുകൾ കൂടി. കൈയിലും ചാക്കിലും വണ്ടികളിലുമൊക്കെയായി കോഴിയെ വാരിക്കൂട്ടി. മീൻ ചാകര പോലെ കോഴിചാകര എന്ന് പറഞ്ഞ് തുള്ളി ചാടിയവരും ധാരാളം. മൂവാറ്റുപുഴയിലെ സ്വകാര്യ ചിക്കൻ സെന്ററിൽ നിന്ന് കൊല്ലത്തേക്ക് പോവുകയായിരുന്ന ലോറി കോട്ടയം നാഗമ്പടത്ത് വച്ച് മറിയുകയായിരുന്നു. 1700ഓളം ഇറച്ചിക്കോഴികളാണ് ലോറിയിലുണ്ടായിരുന്നത്. വാഹനം മറിഞ്ഞതോടെ കോഴികൾ നിരത്തിലേക്ക് പതിക്കുകയും ആയിരത്തോളം എണ്ണം ചത്തുപോവുകയും ചെയ്തു.

# ഗ്രീഷ്മയ്ക്ക് വധശിക്ഷ

## ഷാരോൺ അനുഭവിച്ചത് വലിയ വേദന, പരമാവധി ശിക്ഷ വിധിക്കുന്നുവെന്ന് കോടതി



തിരു : ഷാരോൺരാജ് വധക്കേസിൽ ഒന്നാംപ്രതി ഗ്രീഷ്മയ്ക്ക് തൂക്കുകയർ. പ്രതിയുടെ പ്രായം പരിഗണിക്കാൻ കഴിയില്ലെന്നും പ്രകോപനമില്ലാതെയുള്ള കൊലപാതകമാണിതെന്നും വ്യക്തമാക്കിക്കൊണ്ടാണ് നെയ്യാറ്റിൻകര സെഷൻസ് കോടതി ശിക്ഷ വിധിച്ചത്. ഗ്രീഷ്മക്ക് ക്രിമിനൽ പശ്ചാത്തലമില്ലെന്ന വാദം പരിഗണിക്കാൻ കഴിയില്ലെന്നും കോടതി പറഞ്ഞു. കേസിലെ രണ്ടാം പ്രതിയും ഗ്രീഷ്മയുടെ അമ്മാവനുമായ നിർമലകുമാരൻനായരെ 3വർഷം തടവിനും കോടതി ശിക്ഷിച്ചു. മൂന്നാം പ്രതിയും ഗ്രീഷ്മയുടെ അമ്മയുമായ സിന്ധുവിനെ തെളിവുകളുടെ അഭാവത്തിൽ കോടതി നേരത്തേ വെറുതേവിട്ടിരുന്നു. കൊല നടത്താൻ ഗ്രീഷ്മയെ സഹായിച്ചുവെന്നായിരുന്നു അമ്മ സിന്ധുവിനെതിരേയും അമ്മാവൻ നിർമൽകുമാരനെതിരേയുമുള്ള കുറ്റം.

586 പേജുള്ള വിധിപ്രസ്താവമാണുള്ളത്. ദൃസാക്ഷികൾ ഇല്ലാത്തൊരു കേസിൽ സാഹചര്യതെളിവുകളെ അതിസമർത്ഥമായി കൂട്ടിക്കെട്ടിക്കൊണ്ട് പ്രതി കുറ്റം ചെയ്തതായി തെളിയിക്കാൻ അന്വേഷണസംഘത്തിനായെന്നു പറഞ്ഞ കോടതി, പോലീസിനെ അഭിനന്ദിച്ചു.

പ്രോസിക്യൂഷന്റേയും പ്രതിഭാഗത്തിന്റേയും മൂന്നുദിവസം നീണ്ട അന്തിമവാദങ്ങൾ നേരത്തേ പൂർത്തിയായിരുന്നു. ഒന്നും രണ്ടും പ്രതികളായ ഗ്രീഷ്മയും അമ്മാവനും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. ഗ്രീഷ്മക്ക് പരമാവധി ശിക്ഷയായ വധശിക്ഷ നൽകണമെന്നായിരുന്നു പ്രോസിക്യൂഷന്റെ വാദം. കേസ് അപൂർവങ്ങളിൽ അപൂർവമാണെന്ന് ശിക്ഷാവിധിക്ക് മുന്നോടിയായുള്ള അന്തിമവാദത്തിൽ പ്രോസിക്യൂഷൻ കോടതിയിൽ പറഞ്ഞിരുന്നു.

ആൺ സുഹൃത്തായ ഷാരോൺരാജിനെ ഗ്രീഷ്മ കഷായത്തിൽ കളനാശിനി കലർത്തിനൽകി കൊലപ്പെടുത്തിയെന്നായിരുന്നു കുറ്റപത്രം. 2022 ഒക്ടോബറിലാണ് കേസിനാസ്പദമായ സംഭവം. ഒക്ടോബർ 14-ന് ഷാരോൺ രാജിനെ ഗ്രീഷ്മ വിഷം കലർത്തിയ കഷായം നൽകി കൊലപ്പെടുത്തിയെന്നാണ് കേസ്. ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഒക്ടോബർ 25നാണ് ഷാരോൺ രാജ് മരിച്ചത്. പാറശ്ശാലയ്ക്കു സമീപം സമുദായപ്പറ്റ് ജെ.പി. ഭവനിൽ ജയരാജിന്റെ മകനാണ് ഷാരോൺ. നെയ്യൂർ ക്രിസ്ത്യൻ കോളേജ് ഓഫ് അലൈഡ് ഹെൽത്തിൽ ബി.എസ്സി. റേഡിയോളജി അവസാനവർഷ വിദ്യാർഥിയായിരുന്നു.

2022 ഒക്ടോബർ 14-ന് ഷാരോൺ സുഹൃത്ത് റെജിനൊപ്പമാണ് ഗ്രീഷ്മയുടെ കന്യാകുമാരിയിലെ വീട്ടിലെത്തിയത്. ഇവിടെവെച്ച് ഗ്രീഷ്മ ഷാരോണിന് കളനാശിനിയായ പാരക്വറ്റ് കലർത്തിയ കഷായം നൽകി. കഷായം കൊടുത്ത ശേഷം കയ്പ്പ് മാറാൻ ജ്യൂസും കൊടുത്തു. പിന്നാലെ ഷാരോൺ മുറിയിൽ ഛർദിച്ചു. സുഹൃത്തിനൊപ്പം ബൈക്കിൽ മടങ്ങവേ പലതവണ ഛർദിച്ചു. ഛർദ്ദിക്കുകയും ക്ഷീണിതനാവുകയും ചെയ്ത ഷാരോൺ പാറശ്ശാല ജനറൽ ആശുപത്രിയിലെ ചികിത്സ കഴിഞ്ഞു വീട്ടിലേക്ക് എത്തിയെങ്കിലും അടുത്ത ദിവസം വായ്ക്കുള്ളിൽ വ്രണങ്ങളുണ്ടായതിനെത്തുടർന്ന് വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഷാരോണിന്റെ വൃക്ക, കരൾ, ശ്വാസകോശം എന്നിവ തകരാറിലായി ചികിത്സയിയിലിരിക്കേ മരിക്കുകയായിരുന്നു.

കോളേജിലേക്കുള്ള ബസ് യാത്രയ്ക്കിടെയാണ് ഷാരോണും ഗ്രീഷ്മയും പരിചയപ്പെടുന്നത്. 2021 ഒക്ടോബർ മുതലാണ് ഇരുവരും പ്രണയത്തിലായതെന്നാണ് കുറ്റപത്രത്തിൽ പറയുന്നത്. 2022 മാർച്ച് നാലിന് പട്ടാളത്തിൽ ജോലിയുള്ള ആളുമായി ഗ്രീഷ്മയുടെ കല്യാണം ഉറപ്പിച്ചിരുന്നു. ഗ്രീഷ്മയുടെ ആദ്യഭർത്താവ് മരിച്ചുപോവുമെന്ന് ജ്യോത്സ്യന്റെ പ്രവചനമുണ്ടായിരുന്നു.

വിവാഹം ഉറപ്പിച്ചതിന് ശേഷം ഷാരോണിന്റെ വീട്ടിൽവെച്ച് ഇരുവരും താലികെട്ടി. പിന്നീട് വെട്ടുകാട് പള്ളിയിൽ വെച്ചും താലികെട്ടി. തൃപ്പരപ്പിലുള്ള ഹോട്ടലിൽ മുറിയെടുത്ത് ഇരുവരും ശാരീരികബന്ധത്തിൽ ഏർപ്പെട്ടതായും കുറ്റപത്രത്തിൽ പറയുന്നു. എന്നാൽ, പുതിയ വിവാഹാലോചനയ്ക്ക് പിന്നാലെ ബന്ധം ഉപേക്ഷിക്കാൻ ഗ്രീഷ്മ ശ്രമിച്ചു. പക്ഷേ, വിട്ടുപോകാൻ ഷാരോണിന് താത്പര്യമുണ്ടായിരുന്നില്ല. പിന്നാലെയാണ് ഗ്രീഷ്മ കൊലപാതകം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്.

## നെയ്യാറ്റിൻകര ഗോപന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ട് പുറത്ത്; ഹൃദയവാൽവിൽ ബ്ളോക്കുകൾ, കാലുകളിൽ മുറിവ്

തിരു : നെയ്യാറ്റിൻകര ഗോപന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ട് പുറത്ത്. ഹൃദയ വാൽവിൽ 2ബ്ലോക്കുണ്ടായിരുന്നു. പ്രമേഹം ബാധിച്ച് കാലുകളിൽ മുറിവുമുണ്ടായിരുന്നു. അസുഖങ്ങൾ മരണകാരണമായോയെന്ന് വ്യക്തമാക്കാൻ ആന്തരിക പരിശോധനാഫലം വരണമെന്നും റിപ്പോർട്ടിൽ പറയുന്നു.



ഗോപന്റെ മരണത്തിൽ അസ്വാഭാവികതയില്ലെന്ന് പ്രാഥമിക പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. മൃതദേഹത്തിൽ ക്ഷതമില്ല. വിഷാംശം ഉള്ളിൽ ചെന്നതിന്റെ ലക്ഷണങ്ങളോ ആന്തരികാവയവങ്ങൾക്ക് സാരമായ തകരാറോ സംഭവിച്ചിട്ടില്ലെന്നും കണ്ടെത്തി. വായ്ക്കുള്ളിൽ ഭസ്മത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. ഇത് ഉള്ളിലേക്ക് ഇറങ്ങിയിട്ടുണ്ടോയെന്ന് പരിശോധനയിലൂടെ മാത്രമേ വ്യക്തമാകൂ.

ആന്തരികാവയവങ്ങളുടെ പരിശോധനാഫലങ്ങൾ ഉൾപ്പെടെ വേഗത്തിൽ ലഭിക്കണമെന്ന് പൊലീസ് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം ആശ്യപ്പെട്ട് കോടതി മുഖാന്തരം ഫോറൻസിക് ലബോറട്ടറി ഡയറക്ടർ, കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി ചീഫ് കെമിക്കൽ എക്സാസാമിനർ, പത്തോളജി വിഭാഗം മേധാവി എന്നിവർക്ക് നോട്ടീസ് നൽകും.

ഗോപന്റെ മരണത്തിൽ പരാതികൾ ഉയർന്നതോടെ കഴിഞ്ഞ വ്യാഴാഴ്ചയാണ് സമാധി പൊളിച്ച് മൃതദേഹം പുറത്തെടുത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം ചെയ്തത്. കല്ലറയിൽ ഇരിക്കുന്ന നിലയിലാണ് മൃതദേഹം കണ്ടെത്തിയത്. മൃതദേഹത്തിന് ചുറ്റും ഭസ്മവും പൂജാ ദ്രവ്യങ്ങളും ഉണ്ടായിരുന്നു. ഹൃദയഭാഗം വരെ പൂജാദ്രവ്യങ്ങൾ നിറച്ച നിലയിലായിരുന്നു.

മരണത്തിൽ അസ്വാഭാവികതയില്ലെന്ന് പ്രാഥമിക പോസ്റ്റുമോർട്ടം റിപ്പോർട്ട് പുറത്തുവന്നതിന് പിന്നാലെ ഗോപന്റെ ഭൗതികദേഹം അതേസ്ഥലത്ത് ഋഷിപീഠം എന്നപേരിൽ നിർമ്മിച്ച പുതിയ കല്ലറയിൽ സമാധിയിരുത്തി. 41 ദിവസം സന്യാസിമാരുടെ നേതൃത്വത്തിൽ പൂജകൾ നടത്തുമെന്ന് കുടുംബാംഗങ്ങൾ അറിയിച്ചിരുന്നു.

## തെളിവുകൾ താൻ ചുമന്നു നടക്കുകയാണെന്ന് ഗ്രീഷ്മ അറിഞ്ഞിരുന്നില്ല; പോലീസിനെ അഭിനന്ദിച്ച് കോടതി

തിരു: ഷാരോൺരാജ് വധക്കേസിൽ കേരള പോലീസിന് കോടതിയുടെ അഭിനന്ദനം. ദൃക്സാക്ഷികൾ ഇല്ലാത്തൊരു കേസിൽ, സാഹചര്യതെളിവുകളെ അതിസമർത്ഥമായി കൂട്ടിക്കെട്ടിക്കൊണ്ട് പ്രതി കുറ്റം ചെയ്തതായി തെളിയിക്കാൻ അന്വേഷണസംഘത്തിനായെന്നു കോടതി പറഞ്ഞു. മാറിയ കാലത്തിനനുസരിച്ചുള്ള അതിസമർത്ഥമായ അന്വേഷണമാണ് നടന്നത്. കുറ്റകൃത്യം ചെയ്ത അന്നുമുതൽ പോലീസ് പിടിക്കുന്നതുവരെ തെളിവുകൾ താൻ തന്നെ ചുമന്നു നടക്കുകയാണെന്ന് പ്രതി അറിഞ്ഞിരുന്നില്ലെന്നും കോടതി വിധിയിൽ വ്യക്തമാക്കി.

ഷാരോൺ വധക്കേസുമായി ബന്ധപ്പെട്ട് സമാനതകളില്ലാത്ത വെല്ലുവിളികളിലൂടെയായിരുന്നു കേരളപോലീസിന്റെ അന്വേഷണം കടന്നുപോയത്. വിഷം ഉള്ളിൽ ചെന്നാണ് മരിച്ചതെന്ന് പറയുമ്പോഴും വിഷത്തിന്റെ അംശമൊന്നും ഷാരോണിന്റെ ശരീരത്തിലോ വസ്ത്രത്തിലോ ഉണ്ടായിരുന്നില്ല. മാത്രമല്ല, അവസാന നിമിഷംവരെ വിഷത്തെ കുറിച്ചോ ഗ്രീഷ്മയെ കുറിച്ചോ ഷാരോൺ ഒന്നും പറയാതിരുന്നതും വലിയ വെല്ലുവിളിയായിരുന്നു.

ഇതിനിടെ, ഷാരോണിന്റെ ആന്തരികാവയവങ്ങളെല്ലാം പൊള്ളലേറ്റ് തകരാറിലായിരുന്നു. വെള്ളംപോലുമിറക്കാനാവാത്ത അവസ്ഥയിലായി. ഇതോടെയാണ് കുടിച്ചത് വെറും കഷായമല്ലെന്ന സംശയം ഡോക്ടർമാർക്കും വീട്ടുകാർക്കുമുണ്ടായത്. അപ്പോഴും ഷാരോൺ ഗ്രീഷ്മയെ സംശയിച്ചിരുന്നില്ല. പക്ഷെ, മരണദിവസം രാവിലെ ഷാരോൺ ഐ.സി.യുവിൽവെച്ച് അച്ഛനോട് ഉണ്ടായ സംഭവങ്ങളെല്ലാം പറയുകയായിരുന്നു.

ഷാരോണിന്റെ സഹോദരനും ആയുർവേദ ഡോക്ടറുമായ ഷിമോൺ എന്ത് കഷായമാണ് ഷാരോണിന് കൊടുത്തതെന്ന് നിരവധി തവണ ഗ്രീഷ്മയോട് ചോദിച്ചിരുന്നു. എന്നാൽ, അപ്പോഴെല്ലാം തെറ്റായ മരുന്നിന്റെ കുപ്പിയുടെ ഫോട്ടോയും മറ്റും അയച്ചുകൊടുത്ത് ഗ്രീഷ്മ ഷിമോണിനെ തെറ്റിദ്ധരിപ്പിക്കാനാണ് ശ്രമിച്ചത്.

കഷായം കുടിച്ചാൽ ഒരിക്കലും മരണത്തിലേക്കെത്തില്ലെന്ന് അറിയാവുന്ന ഷിമോണിന് സംഭവത്തിൽ സംശയം തോന്നാനും കൂടുതൽ ശാസ്ത്രീയ അന്വേഷണം നടത്താൻ പോലീസിനോട് ആവശ്യപ്പെടാനും ഗ്രീഷ്മയുമായുള്ള സംസാരവും മരുന്നുകളെ കുറിച്ചുള്ള വാട്സ്ആപ്പ് ചാറ്റുകളും സഹായിക്കുകയും ചെയ്തു. ഇക്കാര്യം അന്വേഷണ ഉദ്യോഗസ്ഥരും പറയുന്നുണ്ട്.

സംഭവദിവസം ഷാരോണിനെ ഗ്രീഷ്മയുടെ വീട്ടിനടുത്ത് കൊണ്ടുവിട്ട റിജിനിന്റെ മൊഴിയും നിർണായകമായിരുന്നു. പച്ചനിറത്തിൽ ശർദ്ദിച്ചുകൊണ്ട് ഷാരോൺ പുറത്തുവരുന്നത് കണ്ടുവെന്നും അവശനായ ഷാരോണിനെ വീട്ടിലേക്ക് കൊണ്ടുവിട്ടത് താനാണെന്നും റിജിൻ മൊഴി നൽകിയിരുന്നു. ഇതും കേസിൽ നിർണായകമായി. ഒപ്പം ശാസ്ത്രീയ തെളിവുകൾ കണ്ടെടുക്കാൻ കഴിഞ്ഞതും പഴുതടച്ച കുറ്റപത്രം സമർപ്പിക്കുന്നതിലേക്ക് നയിച്ചു.

ഇരുവരുടേയും ഫോണുകളിൽനിന്ന് ഫോട്ടോകളും വീഡിയോകളും ചാറ്റുകളുമായി നിരവധി തെളിവുകളാണ് പോലീസിന് കണ്ടെത്താൻ കഴിഞ്ഞത്. ഡോക്ടർമാരടക്കമുള്ള വിദഗ്ധരുടെ അഭിപ്രായവും നടന്നത് കൊലപാതകമാണെന്ന് തെളിയിക്കാൻ പോലീസിന് കഴിഞ്ഞു. അങ്ങനെ വെറും ഭക്ഷ്യ വിഷബാധയെന്ന നിലയിൽ ഒതുങ്ങിപ്പോവേണ്ട കേസ് കൊലപാതകക്കേസായി മാറുകയും ചെയ്തു.

## പ്രായം കണക്കിലെടുക്കുന്നില്ല, ഇത്തരം കേസിൽ പരമാവധി ശിക്ഷ നൽകരുതെന്ന് നിയമമൊന്നുമില്ല– കോടതി

തിരു: ഷാരോൺ വധക്കേസിൽ പ്രതിയുടെ പ്രായം കണക്കിൽ എടുക്കുന്നില്ലെന്ന് കോടതി. കോടതിക്ക് പ്രതിയുടെ പ്രായം മാത്രം കണ്ടാൽ പോരാ. അതുകൊണ്ടാണ് ഷാരോണിന്റെ കുടുംബത്തെ കോടതിക്ക് അകത്തേക്ക് വിളിച്ചത്. സ്നേഹിക്കുന്ന ഒരാളെയും വിശ്വസിക്കാൻ കൊള്ളില്ലെന്ന സന്ദേശമാണ് ഈ കേസ് സമൂഹത്തിന് നൽകുന്നതെന്നും ശിക്ഷ വിധിച്ചുകൊണ്ട് കോടതി വ്യക്തമാക്കി.

ഷാരോൺ അനുഭവിച്ചത് വലിയ വേദനയാണ്. ഇത്തരം കേസിൽ പരമാവധി ശിക്ഷ നൽകരുത് എന്ന് നിയമം ഒന്നുമില്ല. ക്രിമിനൽ പശ്ചാത്തലമില്ല എന്ന വാദം കണക്കിലെടുക്കാൻ സാധിക്കില്ല. കാരണം ഗ്രീഷ്മ നേരത്തെയും വധശ്രമം നടത്തി. ഗ്രീഷ്മ വീണ്ടും വീണ്ടും കുറ്റകൃത്യം ചെയ്തു. ആദ്യം ജ്യൂസ് ചലഞ്ച് പിന്നീട് കൊലപാതകം.

ഷാരോൺ അടിച്ചു എന്ന ഗ്രീഷ്മയുടെ വാദം തെറ്റാണെന്നും കോടതി പറഞ്ഞു. കുറ്റകൃത്യം ചെയ്തിട്ടും അവസാന നിമിഷം വരെ പിടിച്ചു നിൽക്കാനുള്ള ഗ്രീഷ്മയുടെ കൗശലം വിജയിച്ചില്ല. ഷാരോൺ പ്രണയത്തിന് അടിമയായിരുന്നുവെന്നും മരണക്കിടക്കയിലും ഷാരോൺ ഗ്രീഷ്മയെ പ്രണയിച്ചിരുന്നുവെന്നും കോടതി കൂട്ടിച്ചേർത്തു.

ഷാരോണിന് പരാതിയുണ്ടായിരുന്നോ എന്നത് വിഷയമല്ല. ഗ്രീഷ്മ ശിക്ഷിക്കപ്പെടാൻ ഷാരോൺ ആഗ്രഹിച്ചിരുന്നില്ല. സ്നേഹബന്ധം തുടരുമ്പോഴും ഷാരോണിനെ കൊലപ്പെടുത്താൻ ഗ്രീഷ്മ ശ്രമിച്ചു. ജ്യൂസിൽ എന്തോ പ്രശ്നമുണ്ടെന്ന് ഷാരോണിന് ബോധ്യമുണ്ടായിരുന്നു. ഒരു തുള്ളി വെള്ളം കുടിക്കാൻ കഴിയാതെ 11 ദിവസം ഷാരോൺ കിടന്നു. ഗ്രീഷ്മയെ വാവ എന്നാണ് മരണക്കിടക്കിലും ഷാരോൺ വിശേഷിപ്പിച്ചതെന്നും വിധിന്യായം വായിക്കവെ കോടതി പറഞ്ഞു.

## പിഞ്ചുകുഞ്ഞിനെ അമ്മ തലക്കടിച്ച് കടലിൽ എറിഞ്ഞുകൊന്ന സംഭവം; പ്രതി ശരണ്യ ആത്മഹത്യയ്ക്ക് ശ്രമിച്ചു



കോഴിക്കോട്: പിഞ്ചുകുഞ്ഞിനെ അമ്മ കടലിൽ എറിഞ്ഞുകൊന്ന കേസിലെ പ്രതി കണ്ണൂർ സിറ്റി തയ്യിൽ കടപ്പുറത്ത് കൊടുവള്ളി ഹൗസിൽ ശരണ്യ ആത്മഹത്യയ്ക്ക് ശ്രമിച്ചു. വിഷം കഴിച്ച നിലയിൽ ശരണ്യയെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കോഴിക്കോട് റെയിൽവേ സ്റ്റേഷനടുത്ത് മുറിയെടുത്തതിനുശേഷമാണ് ആത്മഹത്യാശ്രമം നടത്തിയത്. കൂടെ മറ്റാരുമില്ലായിരുന്നുവെന്നാണ് വിവരം. കേസിൽ തളിപ്പറമ്പ് കോടതിയിൽ ഇന്ന് വിചാരണ ആരംഭിക്കാനിരിക്കെയാണ് ആത്മഹത്യാശ്രമം.

2020 ഫെബ്രുവരിയിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. മാതാപിതാക്കൾക്കൊപ്പം കിടന്നുറങ്ങുകയായിരുന്ന പിഞ്ചു കുഞ്ഞിന്റെ ജഡം കടൽ ഭിത്തിയിലെ കരിങ്കല്ലുകൾക്കിടയിൽ കണ്ടെത്തുകയായിരുന്നു. ശരണ്യയുടെ മകൻ വിയാനാണ് (ഒന്നര) കൊല്ലപ്പെട്ടത്. കുഞ്ഞിനെ കൊന്ന ശേഷം കുറ്റം ഭർത്താവ് പ്രണവിന്റെ തലയിൽ കെട്ടിവച്ച് കാമുകനൊപ്പം സുരക്ഷിതമായി ജീവിക്കാനായിരുന്നു പദ്ധതിയെന്നാണ് ശരണ്യ പൊലീസിന് മൊഴി നൽകിയത്. പ്രണവിനും ശരണ്യയ്ക്കും ഒപ്പം കിടന്ന കുഞ്ഞിനെ രാവിലെയാണ് തയ്യിൽ കടപ്പുറത്ത് മരിച്ചനിലയിൽ കാണപ്പെട്ടത്. വല്ലപ്പോഴും മാത്രം വീട്ടിൽ വരാറുള്ള ഭർത്താവിനെ കുറ്റക്കാരനാക്കി രക്ഷപ്പെടാനുള്ള നീക്കത്തിനിടെയാണ് ശരണ്യ പിടിയിലാകുന്നത്. ശരണ്യയുടെ വസ്ത്രങ്ങളും വീട്ടിലെ കിടക്കവിരിയും മറ്റും ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു.

## പൊന്നുമോന് നീതി, ദൈവം നീതിമാനായ ജഡ്ജിയുടെ രൂപത്തിൽ ഇറങ്ങി വന്ന് വിധി പറഞ്ഞു: ഷാരോണിന്റെ അമ്മ



തിരു: കോടതിവളപ്പിലും പൊട്ടിക്കരഞ്ഞ് ഷാരോണിന്റെ അമ്മ. നിഷ്കളങ്കനായ എന്റെ പൊന്നുമോന്റെ നിലവിളി ദൈവം കേട്ടു. ദൈവം നീതിമാനായ ജഡ്ജിയുടെ രൂപത്തിൽ ഇറങ്ങി വന്ന് വിധി പറഞ്ഞു. വിധിയിൽ സംതൃപ്തരാണ്. ഷാരോണിന്റെ അമ്മ പറഞ്ഞു. വാക്കുകൾ മുറിഞ്ഞ് പൊട്ടിക്കരയുമ്പോഴും മകന്റെ കൊലപാതകത്തിൽ നീതി ലഭിച്ചതിൽ കുടുംബം സംതൃപ്തരാണെന്ന് അമ്മയും ബന്ധുക്കളും പ്രതികരിച്ചു.

നീതി കിട്ടി.. നീതി കിട്ടി.. എന്റെ പൊന്നുമോന് നീതി കിട്ടിയെന്നായിരുന്നു അമ്മയുടെ ആദ്യ പ്രതികരണം. നീതിമാനായ ജഡ്ജിക്ക് ഒരായിരം നന്ദിയെന്നും അമ്മ നിറകണ്ണുകളോടെ പറഞ്ഞു. പ്രോസിക്യൂഷനും പോലീസിനും നന്ദി പറയുന്നുവെന്നും കോടതിയോട് എന്നും കുടുംബം നന്ദിയുള്ളവരായിരിക്കുവെന്നും ഷാരോണിന്റെ അമ്മാവനും പ്രതികരിച്ചു.

വിധി പ്രസ്താവിച്ചപ്പോൾ ഷാരോണിന്റെ മാതാപിതാക്കൾ കോടതിക്കുള്ളിൽ പൊട്ടികരഞ്ഞിരുന്നു.

## പ്രതികരണമില്ലാതെ ഗ്രീഷ്മ, പൊട്ടികരഞ്ഞ് ഷാരോണിന്റെ മാതാപിതാക്കൾ



തിരു: ഷാരോൺ വധക്കേസിൽ നെയ്യാറ്റിൻകര സെഷൻസ് കോടതി വധശിക്ഷ വിധിച്ചപ്പോൾ പ്രതികരണമില്ലാതെ ഗ്രീഷ്മ കോടതി മുറിയിൽ നിന്നു. കുറ്റബോധമോ മരവിപ്പോ എന്തെന്ന് മനസിലാക്കാൻ കഴിയാത്തവിധം തികഞ്ഞ മൗനത്തിലായിരുന്നു ഗ്രീഷ്മ. തുടക്കത്തിൽ ഗ്രീഷ്മയുടെ കണ്ണുകൾ നനഞ്ഞെങ്കിലും പിന്നീട് നിർവികാരയാവുകയായിരുന്നു. ഒടുവിൽ മകന്റെ മരണത്തിൽ നീതി ലഭിച്ചപ്പോൾ ആ അമ്മയും കുടുംബവും കോടതിയിൽ പൊട്ടികരഞ്ഞു.

ഷാരോൺ അനുഭവിച്ചത് വലിയ വേദനയാണെന്നും ആന്തരിക അവയവങ്ങൾ ഒക്കെ അഴുകിയ നിലയിലായിരുന്നുവെന്നും നിരീക്ഷിച്ച കോടതി സമർത്ഥമായ കൊലപാതകമാണ് നടന്നതെന്നും വിധിപ്രസ്താവത്തിൽ ചൂണ്ടികാട്ടിയിരുന്നു. ഇത്തരം കേസിൽ പരമാവധി ശിക്ഷ നൽകരുത് എന്ന് നിയമം ഒന്നുമില്ലെന്നും നിരീക്ഷിച്ചാണ് 48 സാഹചര്യ തെളിവുകളുടെ അടിസ്ഥാനത്തിൽ കോടതി തൂക്കുകയർ വിധിച്ചത്.

ഷാരോൺ പ്രണയത്തിന് അടിമയായിരുന്നുവെന്നും മരണക്കിടക്കയിലും ഷാരോൺ ഗ്രീഷ്മയെ പ്രണയിച്ചിരുന്നുവെന്നും കോടതി നിരീക്ഷിച്ചിരുന്നു. ഗ്രീഷ്മ ശിക്ഷിക്കപ്പെടാൻ ഷാരോൺ ആഗ്രഹിച്ചിരുന്നില്ല. ഷാരോണിന് പരാതിയുണ്ടായിരുന്നോ എന്നത് വിഷയമല്ല. സ്നേഹബന്ധം തുടരുമ്പോഴും ഷാരോണിനെ കൊലപ്പെടുത്താൻ ഗ്രീഷ്മ ശ്രമിച്ചുവെന്നും കോടതി നിരീക്ഷിച്ചു.

ലൈംഗിക ബന്ധത്തിൽ ഏർപ്പെടാമെന്ന് പറഞ്ഞാണ് ഗ്രീഷ്മ ഷാരോണിനെ വിളിച്ചുവരുത്തിയത്. പ്രകോപനമൊന്നുമില്ലാതെയാണ് കൊല നടത്തിയത്. ഷാരോൺ അടിച്ചു എന്ന ഗ്രീഷ്മയുടെ വാദം തെറ്റാണെന്നും കുറ്റകൃത്യം ചെയ്തിട്ടും അവസാന നിമിഷം വരെ പിടിച്ചുനിൽക്കാനുള്ള ഗ്രീഷ്മയുടെ കൗശലം വിജയിച്ചില്ലെന്നും കോടതി വിധി പ്രസ്താവത്തിൽ ചൂണ്ടികാട്ടി.

## ബംഗാളിൽ 5 മാസത്തിനിടെ 3 ബലാത്സംഗ കൊലകൾക്ക് വധശിക്ഷ

കൊൽക്കത്ത: 5മാസത്തിനുള്ളിൽ 3ബലാത്സംഗ കൊലകൾക്ക് വധശിക്ഷ വിധിച്ച് പശ്ചിമ ബംഗാൾ. ആർ.ജി കർ മെഡിക്കൽ കോളജിലെ ജൂനിയർ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിലെ വിധിക്കു മുമ്പാണ് ഈ ശിക്ഷാ വിധികളെല്ലാം.

ആർ.ജി കർ മെഡിക്കൽ കോളജ് ആശുപത്രിയിലെ ഇരക്ക് വേഗത്തിൽ നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ബംഗാൾ ജനത തെരുവിലിറങ്ങിയപ്പോഴാണ് 3 ജില്ലകളിൽ പ്രായപൂർത്തിയാകാത്ത മൂന്ന് പെൺകുട്ടികൾ ബലാത്സംഗം ചെയ്യപ്പെട്ട് കൊലചെയ്യപ്പെട്ടത്.

ആർ.ജി കർ കേസിൽ സി.ബി. ഐ കോടതിയുടെ വിധിയുടെ തലേദിവസം, ഹൂഗ്ലിയിലെ ചിൻസുരയിലെ പോക്സോ കോടതി പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയതിന് 45കാരനായ അശോകിന് വധശിക്ഷ വിധിച്ചിരുന്നു.

### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

Guardian OP: 309/2024

തൃശൂർ താലൂക്ക് പുറനാട്ടുകര വില്ലേജ് പുതുശ്ശേരി ദേശത്ത് പി ഒ പുറനാട്ടുകര 1) താഴത്ത് രാജൻ ഭാര്യ 37 വയസ് സന്ധ്യ, 2) താഴത്ത് ശങ്കരൻ ഭാര്യ 71 വയസ് മീനാക്ഷി

– ഹരജിക്കാർ


പത്രപരസ്യം

1-ാം ഹരജിക്കാരിയുടെ ഭർത്താവും 2-ാം ഹരജിക്കാരിയുടെ മകനുമായ മരണപ്പെട്ട താഴത്ത് രാജൻ എന്നവരുടെയും 1-ാം ഹരജിക്കാരിയുടെയും മകൾ മൈനർ അക്ഷിത എന്നവർക്കുകൂടി അവകാശപ്പെട്ട പുറനാട്ടുകര വില്ലേജ് റീസർവ്വേ 165/3-1 ലെ 6.07 ആർ. 490/5ലെ 11.20 ആർ, 490/6ലെ 10.30 ആർ, കൈപ്പറമ്പ് വില്ലേജ് 168/8 ൽ 19.43 ആർ വഹകളിലെ മൈനറുടെ 1/9 ഓഹരി അവകാശവും പുറനാട്ടുകര വില്ലേജ് റീസർവ്വേ 490/7ൽ 22.09 ആർ വഹകളിലെ മൈനറുടെ 1/6 ഓഹരി അവകാശത്തിന്റെ രക്ഷിതാവായി 1-ാം ഹരജിക്കാരിയെ നിയമിച്ച് മൈനർക്കവകാശപ്പെട്ട ഓഹരി വിഹിതം വസ്തു ഭാഗിക്കുന്നതിനും വില്പന നടത്തുന്നതിനും മറ്റും അനുവദിക്കണമെന്നപേക്ഷിച്ച് ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹരജി **24-01-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ളവർ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ രാവിലെ 11 മണിക്ക് മേൽ കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 13-01-2025

ഹരജിഭാഗം അഡ്വക്കേറ്റ്സ്

**കെ എൻ സോമകുമാർ & വിഷ്ണു ഹരി കെ.** (ഒപ്പ്)



RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





മാലിന്യ മുക്തകേരളം, സ്വച് സർവേഷൻ പദ്ധതികളുടെ ഭാഗമായി മെഡിക്കൽ കോളേജ് ക്യാമ്പസ്സിലുള്ള മെഡിക്കൽ കോളേജ്, ഡെന്റൽ കോളേജ്, നഴ്സിംഗ് കോളേജ്, എംസിഎച്ച്, ട്രഷറി, പി ഡബ്ലിയു ഡി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ശേഖരിച്ച, ഡ്രസ്സ്, ടോയ്സ് ഓർണമെന്റ്സ് ബാഗുകൾ എന്നിവ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എൻ അശോകൻ വടക്കാഞ്ചേരി മുൻസിപ്പൽ ചെയർമാൻ പി എൻ സുരേന്ദ്രന് കൈമാറിയപ്പോൾ.

## ഡ്രസ്സ് ടോയ്സ് ഓർണമെന്റ്സ് ബാഗുകൾ കൈമാറി

വടക്കാഞ്ചേരി : മുൻസിപ്പാലിറ്റിയിലെ 4 സ്വാപ് ഷോപ്പുകളിലൂടെഏറ്റവും ആവശ്യമുള്ള ആൾക്കാർക്ക് ഡ്രസ് ടോയ്സ്, ഓർണമെന്റ്സ് ബാഗുകൾ വിതരണം ചെയ്തു. പുനരുപയോഗിക്കാൻ കഴിയുന്ന മേൽത്തരം ഉത്പന്നങ്ങളാണ് 300ഓളം ജീവനക്കാരിൽ നിന്നും മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നിർദ്ദേശ നുസരണം ഇപ്രകാരം കളക്ട് ചെയ്തത്. പ്രിൻസിപ്പൽ ഓഫീസിൽ നടന്ന കൈമാറൽ ചടങ്ങിൽ വടക്കാഞ്ചേരി മുൻസിപ്പൽ ചെയർമാൻ പി എൻ സുരേന്ദ്രൻ, വാർഡ് കൗൺസിലർ ഷൈലജ കെ കെ പ്രിൻസിപ്പൽ ഡോ. എൻ. അശോകൻ, വൈസ് പ്രിൻസിപ്പൽ ഡോ. സനൽകുമാർ കെ ബി, നവകേരളം നോഡൽ ഓഫീസർ പി എസ് ജയകുമാർ, മുനിസിപ്പാലിറ്റി സെക്രട്ടറി മനോജ്അക്കൗണ്ട്സ് ഓഫീസർ ബെന്നി ടി ടി എന്നിവർ സംസാരിച്ചു.

# രക്തദാനത്തിനൊരുങ്ങി യൂത്ത് ലീഗ്

തൃശ്ശൂർ: സംസ്ഥാന കമ്മറ്റിയുടെ രക്തദാന കാമ്പയിന്റെ ഭാഗമായി ജില്ലയിൽ 1000 യൂണിറ്റ് രക്തം നൽകാൻ യൂത്ത് ലീഗ് ഒരുങ്ങുന്നു.

രക്തദാനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവത്ക്കരണം നടത്തുകയും ബ്ലഡ് ബാങ്കിലേക്ക് രക്തദാനം നടത്തുകയും ചെയ്യുന്നതാണ് കാമ്പയിൻ. ആറ് മാസം നീണ്ടുനിൽക്കുന്ന കാമ്പയിനിൽ ജില്ലയിൽ 1000 പേർ പങ്കാളികളാകും.

ആശുപത്രികളിൽ നേരിട്ട് രക്തം നൽകിയും പഞ്ചായത്ത് , ശാഖ തലങ്ങളിൽ മൊബൈൽ കാമ്പുകൾ സംഘടിപ്പിച്ചുമാണ് ബ്ലഡ്കാമ്പയിൻ നടത്തുക.

രക്തദാനത്തിന്റെ മഹത്വം വിശദീകരിക്കുന്ന വീഡിയോ പ്രചരണം, പഞ്ചായത്ത് തലത്തിൽ ആരോഗ്യ മേഖലയിലെ പ്രമുഖരെ ഉൾപ്പെടുത്തി രക്തദാന ബോധവൽക്കരണ - ആരോഗ്യ സദസ്സുകൾ, സോഷ്യൽ മീഡിയ പോസ്റ്റർ കാമ്പയിൻ എന്നിവ സംഘടിപ്പിക്കും. ബ്ലഡ് ക്യാമ്പിന്റെ ജില്ല തല ഉദ്ഘാടനം ഗാന്ധി രക്തസാക്ഷി ദിനമായ ജനുവരി 30ന് നടക്കും.

ബ്ലഡ്കെയർ ജില്ല കോഡിനേറ്ററായി അഫ്സൽ വാഴക്കോടിനെയും അസിസ്റ്റന്റ് കോഡിനേറ്ററായി അൻഷാദ് പാലപ്പിള്ളിയെയും ചുമതലപ്പെടുത്തി.

യുവജാഗരൺ കാമ്പയിന്റെ ഭാഗമായി പഞ്ചായത്ത് യുവ സംഗമങ്ങൾ ഫെബ്രുവരി 10നകം സംഘടിപ്പിക്കും.

അത്യാഹിതങ്ങളിലും അപകടങ്ങളിലും സേവന നിരതരാകുന്നതിന് വൈറ്റ് ഗാർഡ് റെസ്ക്യൂ ടീം രൂപീകരിച്ച് പരിശീലനം നൽകും. വൈറ്റ് ഗാർഡിന്റെ ജില്ല കോഡിനേറ്ററായി സജീർ പുന്നയെ തെരഞ്ഞെടുത്തു.

സീതി സാഹിബ് സൗധത്തിൽ നടന്ന നേതൃയോഗത്തിൽ പ്രസിഡണ്ട് എ എം സനൗഫൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി നൗഷാദ് തെരുവത്ത് സംഘടന കാര്യങ്ങൾ വിശദീകരിച്ചു.

ഭാരവാഹികളായ കെകെ സക്കരിയ, എവി അലി, ടിഎ ഫഹദ്, സാബിർ കടങ്ങോട്, സജീർ പുന്ന, പ്രവർത്തക സമിതി അംഗങ്ങളായ കെവൈ അഫ്സൽ, റസാക്ക് വാഴാലിപ്പാടം, അഫ്സൽ വാഴക്കോട്ടിൽ, ജുറൈജ് വാഫി, കബീർ ഫൈസി, മുനീർ തളിക്കുളം, ഇഎസ് സിറാജ്, അൻഷാദ് പാലപ്പിള്ളി, പിഎസ് മുസ്തഫ പ്രസംഗിച്ചു.

# ജോസഫൈനെ കാണാനെത്തി വിദ്യാർത്ഥികൾ



ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട സെന്റ്. ജോസഫ്സ് കോളജിലെ ചേച്ചിമാരുണ്ടാക്കിയ റോബോട്ടിനെ കാണാനെത്തിയ കുട്ടികളുടെ നോക്കിലും വാക്കിലും കൗതുകം. എന്തു ചോദിച്ചാലും പറയുമോ എന്ന പരീക്ഷണം. ചേച്ചിമാരുടെ യൂണിഫോം പോലെ യൂണിഫോമിട്ട റോബോട്ട് ജോസഫൈനാകട്ടെ കുട്ടി സംശയങ്ങൾ തീർത്തു കൊടുത്തു താരമായി. വിദ്യാർത്ഥികളിൽ ശാസ്ത്രബോധവും ശാസ്ത്രാഭിരുചിയും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടു കൂടി ഇരിങ്ങാലക്കുട സെന്റ്. ജോസഫ്സ് (ഓട്ടോണമസ്) കോളേജും ഇ കെ എൻ വിദ്യാഭ്യാസ കേന്ദ്രവും സംയുക്തമായി ദൈനംദിന ജീവിതത്തിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വിഷയത്തിൽ സംഘടിപ്പിച്ച ക്ലാസിലാണ് റോബോട്ടും കുട്ടികളും തമ്മിൽ ആശയ വിനിമയം നടന്നത്. ബി. വോക് മാത്തമാറ്റിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗം അധ്യാപിക അഞ്ജു പി ഡേവിസ് ക്ലാസ്സ് നയിച്ചു. പരിപാടിയോടനുബന്ധിച്ച് ബി.വോക് മാത്തമാറ്റിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗം വിദ്യാർത്ഥികളുടെ പ്രോജക്ടിന്റെ പ്രദർശനം സംഘടിപ്പിച്ചു. ഇന്റേൺഷിപ്പിന്റെ ഭാഗമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗം വിദ്യാർത്ഥിനികൾ രൂപകൽപന ചെയ്തതാണ് ഖീലെുവ അഹില എന്ന റോബോട്ട്.

വൈസ് പ്രിൻസിപ്പൽ ഡോ.സിസ്റ്റർ അഞ്ജന ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഇകെഎൻ കേന്ദ്രം പ്രസിഡന്റ് ഡോ.കെ മാത്യു പോൾ ഊക്കൻ, കെ.മായ എന്നിവർ സംബന്ധിച്ചു.

## കോൺകോഡ് സ്കൂളിൽ അമിഗോസ് കിഡ്സ് ഫെസ്റ്റിന് തുടക്കം കുറിച്ചു




പന്നിത്തടം:ഐഡിയൽ അസോസിയേഷൻ ഫോർ മൈനോരിറ്റി എജുക്കേഷൻ തൃശ്ശൂർ റീജിയൻ' അമിഗോസ് കിഡ്സ് ഫെസ്റ്റിനു ചിറമനേങ്ങാട് കോൺകോഡ് ഇംഗ്ലീഷ് സ്കൂളിൽ തുടക്കം കുറിച്ചു.

സ്കൂൾ മാനേജർ ആർ.എം. ബഷീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ട്രസ്റ്റ്- ചെയർമാൻ പെൻകോ ബക്കർ ഉദ്ഘാടനം നിർവഹിച്ചു.സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം മുഖ്യാതിഥിയായി. അമ്പതോളം ഇനങ്ങളിലായി 800ഓളം വിദ്യാർത്ഥികൾ മത്സരത്തിൽ മാറ്റുരയ്ക്കും. ട്രസ്റ്റ് ജനറൽ സെക്രട്ടറി ഉമ്മർകടങ്ങോട്,ഐ.എ.എം. ഇ.തൃശ്ശൂർ റീജിയൻ ജനറൽ കൺവീനർ മുനീർ,സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർ വാരിയത്ത് മുഹമ്മദലി, ഐ.എ.എം. ഇ.തൃശൂർ റീജിയൻ ചെയർമാൻ മുഹമ്മദ് ഷെരീഫ് ബുഖാരി, പ്രിൻസിപ്പൽ പി.എം.ഹംസ,വൈസ് പ്രിൻസിപ്പൽ രാജീ പ്രകാശ്,മുഹമ്മദലി നഈമി,പി.ടി.എ.വൈസ് പ്രസിഡന്റ് സൈഫുദ്ദീൻ, പ്രോഗ്രാം കൺവീനർ എ.വി.ഗഫൂർ എന്നിവർ പ്രസംഗിച്ചു.



## അയ്യന്തോൾ സെന്റ്മേരീസ് അസംപ്ഷൻ ഇടവകയിലെ തിരുന്നാൾ കൊടികയറി

അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ഇടവകയിലെ വിശുദ്ധ സെബസ്ത്യനോസ് സഹദായുടെ തിരുന്നാൾ കൊടികയറ്റം പൂത്തോൾ കാൽവരി ആശ്രമം സുപ്പീരിയർ ഫാ ലോട്ടസ് ഗാഡിയൻ നിർവഹിച്ചു.

വികാരി ഫാ വർഗീസ് എടക്കളത്തൂർ, കൺവീനർമാരായ നിക്കോളാസ് വടക്കൻ, ജെയിംസ് മുട്ടിക്കൽ, സുരേഷ് ജേക്കബ്, സാൻജോ സൈമൺ, ജോൺസൻ കാഞ്ഞിരത്തിങ്കൽ, കൈക്കാരൻ ജോഷി തട്ടിൽ, സെബാസ്റ്റ്യൻ, വിൽസൺ, അഗസ്റ്റിൻ തുടങ്ങിയവർ നേതൃത്വം നൽകി. ജനുവരി 19 മുതൽ 27 വരെയാണ് തിരുന്നാൾ ആഘോഷം. തിങ്കൾ മുതൽ വെള്ളിയാഴ്ച വരെ എല്ലാദിവസവും വൈകുന്നേരം 6.30 ന് ആഘോഷമായ വിശുദ്ധ കുർബാന, ലദീഞ്ഞ്, നൊവേന. വെള്ളിയാഴ്ച 7.45 ന് ദീപാലങ്കാരം സ്വിച്ച് ഓൺ വെസ്റ്റ് സി ഐ ലാൽ കുമാർ. ശനി രാവിലെ 6.30 ന് ആഘോഷമായ വിശുദ്ധ കുർബാന, ലദീഞ്ഞ്, നൊവേന, കൂട് തുറക്കൽ, പ്രസുദേന്തി വാഴ്ച. രാത്രി 10 മുതൽ വാദ്യ മേളങ്ങളോടെ അമ്പ് പ്രദക്ഷണങ്ങളുടെ സമാപനം.

ഞായർ രാവിലെ 6.30, 10, വൈകുന്നേരം 5 വി. കുർബാന. രാത്രി വെടിക്കെട്ട്. 27 തിങ്കൾ രാവിലെ 6.30 ന് കുർബാന, വൈകുന്നേരം 7 മണിക്ക് ഗാനമേള. ഫെബ്രുവരി രണ്ടിന് എട്ടാമിടം.അയ്യന്തോൾ സെന്റ് മേരീസ് അസംപ്ഷൻ ഇടവകയിലെ തിരുന്നാൾ കൊടികയറ്റം പൂത്തോൾ കാൽവരി ആശ്രമം സുപ്പീരിയർ ഫാ ലോട്ടസ് ഗാഡിയൻ നിർവഹിക്കുന്നു. ഫാ വർഗീസ് എടക്കളത്തൂർ, നിക്കോളാസ് വടക്കൻ, ജെയിംസ് മുട്ടിക്കൽ, സാൻജോ സൈമൺ, ജോൺസൻ കാഞ്ഞിരത്തിങ്കൽ, ജോഷി തട്ടിൽ സമീപം.

## വാർഷിക ദിനാഘോഷവും യാത്രയയപ്പ് സമ്മേളനവും



തൃശ്ശൂർ: സെൻററ് ജോസഫ്സ് സി എൽ പി സ്കൂളിന്റെ വാർഷിക ദിനാഘോഷവും ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ നവീന സി എസ് എസ് ടിയുടെ യാത്രയയപ്പ് സമ്മേളനവും നടന്നു. സിറ്റി അസി. പോലീസ് കമ്മീഷണർ സലീഷ് എൻ എസ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ കോർപ്പറേറ്റ് മാനേജർ സിസ്റ്റർ റോസ് മാർഗരറ്റ് സി.എസ്.എസ്.ടി അധ്യക്ഷത വഹിച്ചു.

കോർപ്പറേഷൻ കൗൺസിലർ സിന്ധു ആന്റോ ചാക്കോള, അസി. പ്രൊവിൻഷ്യൽ സിസ്റ്റർ വിനയ സി എസ് എസ് ടി, ഫാദർ ജിയാന്റോ മാഞ്ഞൂരാൻ സി എം ഐ, ലോക്കൽ മാനേജർ സിസ്റ്റർ സ്മിത സി എസ് എസ് ടി, പി.ടി.എ പ്രസിഡണ്ട് മുസ്തഫ കെ എം, സ്റ്റാഫ് സെക്രട്ടറി ജിനി ജോസഫ്,സ്റ്റാഫ് പ്രതിനിധികളായ മേഴ്സി ആൻറണി, ജോളി വർഗീസ്,സ്കൂൾ ലീഡർ വേദിക കെ വി എന്നിവർ സംസാരിച്ചു.

## ഹമാസ് ബന്ദികളാക്കിയ മൂന്ന് പേർ വീടണഞ്ഞു; വൈകാരിക രംഗങ്ങൾ, ചേർത്തുപിടിച്ച് ഉറ്റവർ

ഗാസ: ഗാസയിൽ വെടിനിർത്തൽ നിലവിൽ വന്നതോടെ ബന്ദികളാക്കിയവരിൽ ചിലരെ ഹമാസ് മോചിപ്പിച്ചു. 90 പലസ്തീൻ തടവുകാർക്ക് പകരമായാണ് മൂന്ന് സ്ത്രീകളെ ഹമാസ് മോചിപ്പിച്ചത്. റോമി ഗോനൻ, ഡോറോൺ സ്റ്റെയിൻബ്രെച്ചർ, എമിലി ഡമാരി എന്നീ 3സ്ത്രീകളാണ് 471 ദിവസത്തെ അനിശ്ചിതത്വത്തിനൊടുവിൽ വീടണയുന്നത്. കുടുംബവുമായി ഒത്തുചേരുന്ന വൈകാരിക നിമിഷങ്ങൾ ഔദ്യോഗിക എക്സ് അക്കൗണ്ടിൽ പങ്കുവെച്ച ഇസ്രയേൽ പ്രധാനമന്ത്രി മൂവരേയും സ്വാഗതം ചെയ്തു. 'ഒരു രാഷ്ട്രം മുഴുവൻ നിങ്ങളെ ആലിംഗനം ചെയ്യുന്നു. വീട്ടിലേക്ക് സ്വാഗതം'- എന്നായിരുന്നു ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ ഫോണിലൂടെയുള്ള പ്രതികരണം.

ടെൽ അവീവിൽ വെച്ചാണ് ബന്ദികളെ ഹമാസ് റെഡ് ക്രോസ് ഉദ്യോഗസ്ഥർക്ക് കൈമാറിയത്. തിരികെയെത്തുന്ന മൂവരേയും കാത്ത് ഷബാമെഡിക്കൽ സെന്ററിൽ ബന്ധുക്കൾ കാത്ത് നിന്നിരുന്നു. ഇസ്രായേൽ പതാകകൾ പുതച്ച് മൂന്ന് സ്ത്രീകൾ പുറത്തേക്ക് വരുന്നതും അവരെ ബന്ധുക്കൾ ആലിംഗനം ചെയ്ത് കരയുന്നതും വീഡിയോയിൽ കാണാം. ബന്ദികളിലൊരാളുടെ ഇടത് കൈ ബാൻഡേജ് ഇട്ടതും രണ്ട് വിരലുകൾ നഷ്ടപ്പെട്ടതായും വീഡിയോയിൽ കാണാം. 2023 ഒക്ടോബർ 7 ന് നടത്തിയ ആക്രമണത്തിലാണ് ഹമാസ് 3സ്ത്രീകളെയും ഹമാസ് ബന്ദികളാക്കിയത്. ഏതാണ്ട് 1200 പേരാണ് അന്ന് ആക്രമണത്തിൽ കൊല്ലപ്പെട്ടത്.

'ഒരുവർഷമായി ജീവിച്ചിരിപ്പുണ്ടോ എന്ന് പോലുമറിയില്ല. അതിനുള്ള ഒരു സൂചനപോലും ലഭിച്ചിരുന്നില്ല. ഇതാദ്യമായാണ് ഞങ്ങൾ അവളെ കാണുന്നത്, അവളെ കെട്ടിപ്പിടിച്ച് ഞങ്ങൾ അവളെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് പറയാൻ കാത്തിരിക്കുകയാണ് ഞങ്ങൾ,.' മോചിതരായ ബന്ദികളുടെ കുടുംബം പറഞ്ഞു. അതേസമയം, പടക്കം പൊട്ടിച്ചും മറ്റും വലിയ ആഘോഷത്തോടെയാണ് മോചിപ്പിക്കപ്പെട്ട പലസ്തീൻ തടവുകാരെ ഗാസ എതിരേറ്റത്. ഇന്നലെ മോചിപ്പിക്കപ്പെടുന്ന ബന്ദികളുടെ പട്ടിക ഹമാസ് പുറത്തുവിട്ടതോടെയാണ് വെടിനിർത്തൽ കരാർ നിലവിൽവന്നത്.



രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ഇരിങ്ങാലക്കുട സന്ദർശനത്തിന്റെ തൊണ്ണൂറ്റിയൊന്നാം വാർഷിക ദിനത്തോടനുബന്ധിച്ച് നീഡ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗാന്ധി സ്മൃതി സംഗമം പി. വി കൃഷ്ണൻനായർ ഉദ്ഘാടനം ചെയ്യുന്നു. തോമസ് ഉണ്ണിയാടൻ സമീപം

## ആശാവർക്കർമാരുടെ അവകാശ സമര പോരാട്ടങ്ങൾക്ക് ഐ എൻ ടി യു സി നേതൃത്വം നൽകും



തൃശൂർ: സംസ്ഥാനത്തെ ഓണറേറിയം വർധിപ്പിക്കാതെ ആശാവർക്കർ മാരോട് സംസ്ഥാന സർക്കാർ തുടർന്നുവരുന്ന നിഷേധാത്മക സമീപനങ്ങളെയോടും, ഉദ്യോഗസ്ഥരുടെ മാനസിക പീഡനങ്ങൾക്കുമെതിരെ ഐഎൻടിയുസി ശക്തമായ സമരപരിപാടികൾക്ക് രൂപം നൽകുമെന്ന് ഓൾ കേരള പ്രദേശ് ആശ വർക്കേഴ്സ് കോൺഗ്രസ് ഐഎൻടിയു സി.

ഐഎൻടിസി തൃശ്ശൂർ ജില്ലാ കമ്മിറ്റി ഓഫീസിൽ കൂടിയ ആശാ വർക്കേഴ്സ് കോൺഗ്രസ് ജില്ലാ കമ്മിറ്റി യോഗം ഐഎൻടിയുസി ജില്ലാ വൈസ് പ്രസിഡണ്ട് കെ എൻ നാരായണൻ ഉദ്ഘാടനം ചെയ്തു.

ശൈലി ആപ്പിന്റെ പേരിൽ അമിത ജോലിഭാരം അടിച്ചേൽപ്പിച്ച് പൂർണ്ണമായും ഇൻസെന്റീവ് നൽകാതെ ആരോഗ്യപരിപാലന രംഗത്ത് ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആശാവർക്കർ മാരോടുള്ള സംസ്ഥാന സർക്കാരിന്റെ നടപടികൾക്കെതിരെ 2025 ഫെബ്രുവരി 8 ന് എറണാകുളത്ത് നടക്കുന്ന സമര പ്രഖ്യാപന കൺവെൻഷൻ വിജയിപ്പിക്കുന്നതിനും ജില്ലാ കമ്മിറ്റി രൂപം നൽകി.

ജില്ലാ പ്രസിഡന്റ് ശകുന്തള സജീവ് അധ്യക്ഷത വഹിച്ച യോഗം.ജില്ലാ സെക്രട്ടറി വിദ്യാ രമേഷ്, ആർ രജനി, എം ആർ ജ്യോതി, ഓമന വിൽസൺ, സിജി കെ ഡി തുടങ്ങിയവർ സംസാരിച്ചു.

## കല്ലട ഭഗവതി ക്ഷേത്രത്തിലെ വേല മഹോത്സവം

ഇരിങ്ങാലക്കുട: പൊറത്തിശ്ശേരി കല്ലട ഭഗവതി ക്ഷേത്രത്തിലെ വേല മഹോത്സവം 21 ന് ആഘോഷിക്കും ഏഴ് ഗജവീരൻമാർ അണിനിരക്കുന്ന കൂട്ടി എഴുന്നള്ളിപ്പ് ദീപാരാധന, വർണ്ണ മഴ, കേളി, കുഴൽ പറ്റ്, കൊമ്പ് പറ്റ്, കുതിരകളി, ഡബ്ബിൾ തായമ്പക, ഗുരുതി തർപ്പണം, എഴുന്നള്ളിപ്പ് എന്നിവ നടക്കും. ഉത്സവത്തിന്റെ കൊടികയറ്റം 14 ന് നടന്നു. തിരുവാതിരക്കളി, കൈകൊട്ടി കളി ഗാനമേള നാടൻ പാട്ട് എന്നിവയും വിവിധ ദിവസങ്ങളിൽ ഉണ്ടായിരുന്നു.

## ഇരിങ്ങാലക്കുടയിൽ നീഡ്സിന്റെ ആഭിമുഖ്യത്തിൽ അനുസ്മരണ പദയാത്രയും ഗാന്ധി സ്മൃതി സംഗമവും

ഇരിങ്ങാലക്കുട: രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ഇരിങ്ങാലക്കുട സന്ദർശനത്തിന്റെ തൊണ്ണൂറ്റിയൊന്നാം വാർഷിക ദിനത്തോടനുബന്ധിച്ച് നീഡ്സിന്റെ ആഭിമുഖ്യത്തിൽ അനുസ്മരണ പദയാത്രയും ഗാന്ധി സ്മൃതി സംഗമവും നടന്നു. 1934 ജനുവരി 17 ന് ഗാന്ധി പ്രസംഗിച്ച ചളിയംപാടത്തു നിന്നും ആരംഭിച്ച പദയാത്ര അദ്ദേഹം വിശ്രമിച്ച അന്നത്തെ തിരുവിതാംകൂർ സത്രമായിരുന്ന ഇന്നത്തെ റസ്റ്റ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ള ഗാന്ധി സ്മൃതി മണ്ഡപത്തിൽ സമാപിച്ചു.

അനുസ്മരണ സമ്മേളനം പ്രമുഖ ഗാന്ധിയൻ പി.വി.കൃഷ്ണൻനായർ ഉദ്ഘാടനം ചെയ്തു. ഗാന്ധിയൻ ദർശനങ്ങൾക്ക് ഏറെ പ്രസക്തിയുള്ള കാലഘട്ടത്തിലൂടെയാണ് ഇന്ന് നാം കടന്നു പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. നീഡ്സ് പ്രസിഡന്റ് തോമസ് ഉണ്ണിയാടൻ അധ്യക്ഷത വഹിച്ചു. നീഡ്സ് വൈസ് പ്രസിഡന്റ് പ്രൊഫ.ആർ.ജയറാം, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ഗുലാം മുഹമ്മദ്, കോ ഓഡിനേറ്റർ കെ.പി.ദേവദാസ്, ബോബി ജോസ്, ആശാലത, ദേവരാജൻ, മിനി മോഹൻദാസ് എന്നിവർ പ്രസംഗിച്ചു.

## അത്തം പ്രസാദ ഊട്ട് നടന്നു

നടവരമ്പ്: ശ്രീ തൃപ്പയ്യ ത്രിമൂർത്തി ക്ഷേത്രത്തിൽ ഇന്ന് 20 ന് അത്തം പ്രസാദ ഊട്ട് നടന്നു രാവിലെ 8 മുതൽ ഐരാണിക്കുളം ജയശ്രീ ടീച്ചറും സംഘവും അവതരിപ്പിച്ച നാരായണീയ പാരായണം, ഉച്ച 12 മുതൽ നടവരമ്പ് തെക്കെ പാലാഴി പ്രീത ശ്രീനിവാസ് സമർപ്പണം നടത്തിയ പ്രസാദ ഊട്ടും നടന്നു

## വാർത്താച്ചുരുക്കം

- * വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ ജില്ലാ ആദർശ സമ്മേളനം.കൈപ്പമംഗലം കൊപ്രകളത്ത് നടത്തി
- * സാഹിത്യകാരൻ കാവിൽ രാജന് - ആദരം. സർഗ്ഗസ്വരത്തിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ അക്കാദമിയിൽ നടന്നു
- * കാനാട്ടുകര സേവാ സദനം പുതിയ കെട്ടിട ഉൽഘാടനം നടന്നു
- * ഇൻ ആർട്ട് വേൾഡ് -ഒരുക്കുന്ന ചിത്രകലാ ക്യാമ്പ് . തൃശൂർ വഞ്ചികുളം പാർക്കിൽ. കാലത്ത് 10 മുതൽ
- * സമതയുടെ, നൂറ്റിരണ്ടാം പുസ്തക പ്രകാശന സമ്മേളനം 3 മണിക്ക് കോളങ്ങാട്ടുകര ക്ഷേത്ര പരിസരത്ത്
- * മുണ്ടശ്ശേരി ഇ.എം.എസ്. സ്മൃതി. ചേർപ്പ് സോപാനത്തിൽ ഒരു മണി മുതൽ
- * ഫോറം ഓഫ് അക്ഷയ സെന്റർ എന്റർപ്രണേഴ്സ്ന്റെ - അക്ഷയ അതിജീവന സമരം തിരുവനന്തപുരം ഐ ടി. മിഷൻ ഓഫീസിനു മുന്നിൽ ഇന്ന് 2 മണിക്ക് നടക്കും
- * തൃശൂർ ലിറ്ററി ഫോറം - ബഷീർ, വി.കെ.എൻ. സ്മൃതി സംഘടിപ്പിച്ചു.ചേറൂർ സാഹിതിയിലായിരുന്നു പരിപാടി..
- * ശാസ്ത്ര സാഹിത്യ പ്രവർത്തകൻ പ്രൊഫ: സി ജെ.ശിവശങ്കരൻ സ്മൃതി 20ന് 5 മണിക്ക് സാഹിത്യ അക്കാദമി ഹാളിൽ നടക്കും. മുൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ എസ്.വൈ.ഖുറൈഷി സ്മാരക പ്രഭാഷണം നടത്തും.
- * കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതിയുടെ സംസ്ഥാന ജാഥ തൃശൂർ ജില്ലയിൽ പര്യടനം നടത്തി.
- * അയ്യന്തോൾ പുതൂർക്കര കുണ്ടൂർ ഭഗവതി ക്ഷേത്രത്തിൽ തോറ്റം പാട്ട് മഹോത്സവം 20 മുതൽ 23 വരെ നടക്കും

## ഗ്രാമസഭ നടത്തി




പുതുക്കാട് : 2025 - 26 വാർഷിക പദ്ധതി രൂപീകരണം, സാമൂഹ്യ സുരക്ഷ ക്ഷേമ പെൻഷൻ, മാഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നീ അജണ്ടകളുമായി പുതുക്കാട് ഗ്രാമ പഞ്ചായത്ത് വാർഡ് 12 ഗ്രാമസഭ ഗവ. വൊക്കേഷ്ണൽ ഹയർ സെക്കന്ററി സ്കൂളിൽ നടത്തി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് അദ്ധ്യക്ഷനായിരുന്നു.

ഗ്രാമസഭ കൺവീനർ വാർഡ് മെമ്പർ ഷാജു കാളിയേങ്കര, വൈസ് പ്രസിഡന്റ് ഷൈനി ജോജു ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സതി സുധീർ കോർഡിനേറ്റർ പി സി വിദ്യ എന്നിവർ പ്രസംഗിച്ചു.

## സർക്കാർ ജീവനക്കാർ 22ന് പണിമുടക്കും

തൃശൂർ : സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരും 22ന് പണിമുടക്കുന്നു. പ്രതിപക്ഷ സംഘടനയായ സ്റ്റേറ്റ് എംപ്ലോയിസ് ആൻറ് ടീച്ചേഴ്സ് ഓർഗനൈസേഷൻ(സെറ്റോ), ഭരണ കക്ഷിയിലെ സിപിഐയുടെ സംഘടനയായ ജോയിൻറ് കൗൺസിൽ എന്നീ ജീവനക്കാരുടെ സംയുക്ത സംഘടനകളാണ് പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്.ക്ഷാമബത്ത, ശമ്പള പരിഷ്കരണം, ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശിക, പ്രഖ്യാപിച്ച ഡി.എയുടെ 78 മാസത്തെ കുടിശിക തുടങ്ങിയ ആനുകൂല്യങ്ങൾ തടഞ്ഞ സർക്കാർ നിലപാടാണ് പണിമുടക്കിലേക്ക് നയിക്കുന്നത്.

## നിയമന നിരോധനം പിൻവലിക്കണം: മാനേജേഴ്സ് അസോസിയേഷൻ




തൃശ്ശൂർ: ഭിന്നശേഷി വിഷയത്തിന്റെ പേരിൽ എയ്ഡഡ് മേഖലയിൽ നടപ്പിലാക്കിയിരിക്കുന്ന നിയമന നിരോധനം പിൻവലിക്കണമെന്നുംഅദ്ധ്യായന വർഷം അവസാനമായിട്ടും യൂണിഫോം വിതരണം പൂർത്തിയാക്കാത്തത് പരിഹരിക്കണമെന്നും എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

എലൈറ്റ് ഹോട്ടൽ ആഡിറ്റോറിയത്തിൽ നടന്ന സമ്മേളനം സംസ്ഥാന ജന.സെക്രട്ടറി ഡോ.മണി കൊല്ലം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എ. എൻ. നീലകണ്ഠൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ. പ്രഥാൻ, വരണാധികാരി വി. വി. ഉല്ലാസ് രാജ്, സദാനന്ദൻ എലൈറ്റ്, സുഗതൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. പുതിയ ജില്ല ഭാരവാഹികൾ : എം. ശശികുമാർ (പ്രസിഡണ്ട്), ഐഷാ ഇക്ബാൽ (വൈസ് പ്രസിഡണ്ട്), കെ. പ്രഥാൻ (സെക്രട്ടറി), സുഗതൻ മാസ്റ്റർ, രവീന്ദ്രൻ അരുണോദയം (ജോ സെക്രട്ടറിമാർ), കെ. എസ്. വിമലാനന്ദൻ (ട്രഷറർ).



എം. ശശികുമാർ
പ്രസിഡണ്ട്

കെ. പ്രഥാൻ
സെക്രട്ടറി


## ആധാരം നഷ്ടപ്പെട്ടു

എന്റെ മാതാവ് എഴുത്തുപുരക്കൽ അമ്മിണിയുടെ കടങ്ങോട് വില്ലേജിൽ, കുന്നംകുളം താലൂക്കിൽ കടങ്ങോട് പഞ്ചായത്തിൽ, പടിഞ്ഞാറ്റുമുറി ദേശത്തു, കടങ്ങോട് വില്ലേജ് സർവ്വേ നമ്പർ 249/PTS(0.0121)സ്ഥലത്തിന്റെ 1264/1/1969 നമ്പർ ആധാരം (എരുമപ്പെട്ടി സബ് രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്തത്) യാത്രക്കിടയിൽ നഷ്ട്ടപ്പെട്ടു. ആയത് കണ്ടു കിട്ടുന്നവർ താഴെകൊടുത്തിരിക്കുന്ന ഫോൺ നമ്പറിലോ വിലാസിത്തിലോ അറിയിക്കേണ്ടതാണെന്ന് ഈ പരസ്യം വഴി പ്രസിദ്ധപെടുത്തുന്നു.

**ലക്ഷ്മി. ഇ**
പാറക്കൽ വീട്, കടങ്ങോട് പി. ഒ
തൃശൂർ 680584
**ഫോൺ :8075017506**

## കോടതി പരസ്യം

### ബഹു. തൃശൂർ MACT മുമ്പാകെ

**OP (MV) 2072/2023**

Jisa Joseph
-Petitioner

1) Premraj P.V., S/o. Priyakumar K., Vattayath House, Nedumon P.O., Ezhamkulam, Pathanamthitta, Kerala -691556
2) Krishnan Priyakumar , S/o. Krishnan, Thiruvathira Vattayath, Nedumon P.O., Ezhamkulam, Pathanamthitta, Kerala -691556
-Respondents No. 1 & 2

മേൽ നമ്പർ കേസ് 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് 08-07-2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-1-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**പി കെ ജോൺ** (ഒപ്പ്)

## കോടതി പരസ്യം

### ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 903/2020

കൊടുങ്ങല്ലൂർ താലൂക്ക് കയ്പമംഗലം വില്ലേജ് കൂരികുഴി ദേശത്ത് അരയങ്ങാട്ടിൽ രാമൻ മകൻ 60 വയസ് മത്സ്യബന്ധനം കുട്ടൻ
-ഹരജിക്കാരൻ/വാദി

2) കൊടുങ്ങല്ലൂർ താലൂക്ക് കയ്പമംഗലം വില്ലേജ് കൂരികുഴി ദേശത്ത് കിഴക്കേടത്ത് പീതാംബരൻ മകൻ ഷിനോജ്
3) കൊടുങ്ങല്ലൂർ താലൂക്ക് കയ്പമംഗലം വില്ലേജ് കിഴക്കേടത്ത് പീതാംബരൻ മകൻ ദിനേശ്
4) കൊടുങ്ങല്ലൂർ താലൂക്ക് എടത്തിരുത്തി വില്ലേജ് ചാമക്കാല ദേശത്ത് കിഴക്കേടത്ത് പീതാംബരൻ മകൻ സനിൽകുമാർ
-2, 3, 4 എതിർകക്ഷികൾ/4, 5, 6 പ്രതികൾ

മേൽ നമ്പർ കേസിൽ പ്രതികൾക്കെതിരെ ശാശ്വത നിരോധനാജ്ഞക്കും മറ്റുമാണ് മേൽ നമ്പർ അന്യായം. എന്നാൽ മേൽ നമ്പർ അന്യായത്തിൽ 1 മുതൽ 8 കൂടി എതൃകക്ഷികളെ കക്ഷി ചേർക്കുന്നതിനും അതുപ്രകാരം അന്യായം തിരുത്തുന്നതിനും IA: 4/23. IA: 7/23 ഹരജികൾ ബോധിപ്പിച്ചിട്ടുണ്ട്. ടി ഹരജികളിലെ 2, 3, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് ഇതുവരെ നടന്നിട്ടില്ലാത്തതാകുന്നു. മേൽ നമ്പറിലെ 2, 3, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് എതൃകക്ഷികളുടെ വാസസ്ഥലത്തും കോർട്ടിലും പതിച്ചുനടത്താൻ ഉത്തരവായി കേസ് **22-01-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് 2, 3, 4 എതൃകക്ഷികൾ കോടതി മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിക്കാത്തപക്ഷം ടി ഹരജികളിൽ 2, 3, 4 എതൃകക്ഷികൾ കൂടാതെ തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 17-12-2024
ഹരജിക്കാരൻഭാഗം അഡ്വക്കെറ്റ്
**സുലാൽ കെ എസ്** (ഒപ്പ്)

## കോടതി പരസ്യം

### ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 965/2019
IA: 2/2021

United India Insurance Co. Ltd, Thrissur
-Petitioner (R3)

Muhammed Irshad, S/o. Parameswaran, Cherukandathil House, East Pampady Desom, Thiruvilwamala, Thrissur Dt. Pin: 680588
- 1st Respondent

മേൽ നമ്പർ IA: 2/2021 ഹരജിയിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യ ചെയ്ത് നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസിന്റെ വിചാരണ **12-03-2025** തിയ്യതിയിലേക്ക് വെച്ചിട്ടുണ്ടെന്ന വിവരത്തിനും അന്നേദിവസം രാവിലെ 11 മണിക്ക് ടിയാനോ ടിയാൻ ഭാഗം അഭിഭാഷകനോ ബഹു. കോടതി മുമ്പാകെ നേരിട്ട് ഹാജരാകാത്തപക്ഷം ടി ഹരജി 1-ാം എതൃകക്ഷിയെ കൂടാതെ തീർപ്പ് കല്പിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.

എന്ന്, 28-11-2024
ഹരജിഭാഗം അഡ്വക്കെറ്റ്
**ഉഷ കെ ഡി** (ഒപ്പ്)